 ✎ എ.വൈ.ആർ

# സൂറ – 29 / അൽ അൻകബൂത്ത്

**സൂക്തം: 03 – 07**

അല്ലാഹുവിന് സൃഷ്ടിയെക്കുറിച്ചുള്ള അറിവല്ല, സൃഷ്ടി ചെയ്ത കർമമാണ് രക്ഷാശിക്ഷകൾക്കാധാരം. സൃഷ്ടി ഒരു കർമം ചെയ്യുമെന്ന് അല്ലാഹു നേരത്തേ അറിഞ്ഞതുകൊണ്ടല്ല അവൻ ആ കർമം ചെയ്യുന്നത്. പ്രത്യുത അവർ ആ കർമം ചെയ്യുന്നതുകൊണ്ട് അല്ലാഹു അതു നേരത്തേ അറിയുകയാണ്. കർമം സൃഷ്ടി സ്വതന്ത്രമായി സ്വയം തെരഞ്ഞെടുത്തു ചെയ്യുന്നതാണ്. അത്തരം കർമങ്ങളുടെ പൂർണമായ ഉത്തരവാദിത്തം സൃഷ്ടിക്കുതന്നെയാണ്.



وَلَقَدْ فَتَنَّا الَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا
وَلَيَعْلَمَنَّ الْكَاذِبِينَ ﴿٣﴾

3. ഇവർക്കു മുമ്പുണ്ടായിരുന്നവരെയൊക്കെയും നാം പരീക്ഷിച്ചിരിക്കുന്നു. സത്യം പറഞ്ഞവരാരെന്നും വ്യാജന്മാരാരെന്നും അല്ലാഹു കണ്ടറിയുക തന്നെ വേണം.

**3**

وَلَقَدْ فَتَنَّا = തീർച്ചയായും നാം പരീക്ഷിച്ചിരിക്കുന്നു الَّذِينَ مِن قَبْلِهِمْ = അവർക്ക് മുമ്പുണ്ടായിരുന്നവരെ (യൊക്കെയും)

فَلَيَعْلَمَنَّ اللَّهُ = തീർച്ചയായും അല്ലാഹു അറിയും (കണ്ടറിയുക തന്നെ വേണം)

الَّذِينَ صَدَقُوا = സത്യം പറഞ്ഞവരെ (ആരെന്നു) وَلَيَعْلَمَنَّ = തീർച്ചയായും അവൻ അറിയും (കണ്ടറിയുക തന്നെ വേണം)

الْكَاذِبِينَ = കളവ് പറയുന്നവരെ (വ്യാജന്മാരാരെന്നും)

മുഅ്മിനും മുസ്‌ലിമുമായതിന്റെ പേരിൽ ശാരീരികവും മാനസികവുമായ പീഡനങ്ങളനുഭവിക്കുന്നവരെ അക്കാര്യത്തിലുള്ള അല്ലാഹുവിന്റെ നടപടിക്രമം-സുന്നത്ത്-ഓർമിപ്പിച്ചുകൊണ്ട് സമാധാനിപ്പിക്കുകയാണ്. നിങ്ങൾ ആക്ഷേപശകാരങ്ങൾക്കും മർദനങ്ങൾക്കും വിധേയരാകുന്നുണ്ട്. പട്ടിണിയും പരാധീനതകളും അനുഭവിക്കുന്നുണ്ട്. ഇതൊന്നും പുതുമയുള്ള കാര്യമല്ല. നിങ്ങളുടെ സത്യവിശ്വാസത്തിന്റെ മാറ്റുരക്കലാണതൊക്കെ. അത്തരം പരീക്ഷണങ്ങളുടെ തീച്ചൂളയിൽ ഊതിക്കാച്ചിയെടുക്കപ്പെടുമ്പോഴാണ് നിങ്ങൾ ശുദ്ധ മുഅ്മിനുകളാകുന്നത്. മുമ്പു കഴിഞ്ഞുപോയ നിരവധി സത്യവിശ്വാസികളെ അല്ലാഹു ഈ വിധം പരീക്ഷിച്ചിട്ടുണ്ട്. *അൽബഖറ* 214-ൽ പറയുന്നു:

أَمْ حَسِبْتُمْ أَن تَدْخُلُوا الْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ الَّذِينَ خَلَوْا مِن قَبْلِكُم ۖ مَّسَّتْهُمُ الْبَأْسَاءُ وَالضَّرَّاءُ وَزُلْزِلُوا حَتَّىٰ يَقُولَ الرَّسُولُ وَالَّذِينَ آمَنُوا مَعَهُ مَتَىٰ نَصْرُ اللَّهِ ۗ أَلَا إِنَّ نَصْرَ اللَّهِ قَرِيبٌ ﴿٢١٤﴾

(നിങ്ങൾ സ്വർഗം പൂകിക്കളയാമെന്ന് വിചാരിച്ചിരിക്കുകയാണോ, നിങ്ങളുടെ പൂർവികരായ സത്യവിശ്വാസികളെ ബാധിച്ചതൊന്നും നിങ്ങളെ ബാധിച്ചിട്ടില്ലെന്നിരിക്കെ? പലവക പീഡനങ്ങളും വിപത്തുകളും അവരെ ബാധിച്ചിരുന്നു. അതതു കാലത്തെ ദൈവദൂതന്മാരും അവർക്കൊപ്പം സത്യവിശ്വാസം കൈക്കൊണ്ടവരും 'ഇനിയും എപ്പോഴാണ് ദൈവസഹായം വന്നെത്തുക' എന്നു വിലപിക്കുവോളം അവർ വിറപ്പിക്കപ്പെട്ടിരുന്നു. അപ്പോൾ അവർക്ക് സാന്ത്വനമരുളപ്പെട്ടു; അറിയുവിൻ, ദൈവസഹായം ആസന്നമാകുന്നു). സൂക്തത്തിന്റെ ....فَلَيَعْلَمَنَّ എന്നു തുടങ്ങുന്ന രണ്ടാം ഖണ്ഡം വിശ്വാസികളെ ഈവിധം പരീക്ഷിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയാണ്. വിശ്വാസം ആർക്കും അവകാശപ്പെടാം. ആ അവകാശവാദം സത്യസന്ധമാണോ അതല്ല കപടമാണോ എന്ന് തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ഇത്തരം പരീക്ഷണങ്ങൾ. യഥാർഥ സത്യവിശ്വാസികൾക്കാണ് അല്ലാഹു പാരത്രികമായ സ്വർഗവും സൗഭാഗ്യങ്ങളും നിശ്ചയിച്ചിരിക്കുന്നത്. സത്യനിഷേധികൾക്കും കപടന്മാർക്കും വിധിച്ചിട്ടുള്ളത് നരകയാതനകളാണ്. വിശ്വാസവാദികളിൽ സ്വർഗാവകാശികളെയും നരകാവകാശികളെയും വേർതിരിക്കുന്നത് പരീക്ഷണങ്ങളാണ്.

ഇവിടെ ഒരു സംശയം ഉയർന്നുവരാം. അല്ലാഹു ത്രികാലജ്ഞനും സർവജ്ഞനുമാണല്ലോ. തന്റെ സൃഷ്ടികളിൽ

സത്യസന്ധരാരെന്നും വ്യാജന്മാരാരെന്നും ഇങ്ങനെയൊരു പരീക്ഷണം നടത്താതെത്തന്നെ അവനറിയാവുന്നതല്ലേ? അല്ലാഹുവിന്റെ സർവജ്ഞതയിൽ തീർച്ചയായും ആ അറിവും ഉൾപ്പെടുന്നു. പക്ഷേ തന്റെ കേവലമായ അറിവിനെ ആസ്പദമാക്കിയല്ല അവൻ സൃഷ്ടികൾക്ക് കർമഫലം വിധിക്കുന്നത്, സൃഷ്ടികൾ ചെയ്ത കർമത്തെ ആധാരമാക്കിയാണ്. സൃഷ്ടി ഒരു കർമം ചെയ്യാനുള്ള സാധ്യതയാണ് അതേക്കുറിച്ചുള്ള അല്ലാഹുവിന്റെ അറിവ്. കർമം ചെയ്യുന്നതിലൂടെ സൃഷ്ടി ആ സാധ്യതയെ യാഥാർഥ്യമാക്കുമ്പോഴാണ് അവൻ കർമഫലത്തിനർഹനാകുന്നത്. അല്ലാഹുവിന് സൃഷ്ടിയെക്കുറിച്ചുള്ള അറിവല്ല, സൃഷ്ടി ചെയ്ത കർമമാണ് രക്ഷാശിക്ഷകൾക്കാധാരം. സൃഷ്ടി ഒരു കർമം ചെയ്യുമെന്ന് അല്ലാഹു നേരത്തേ അറിഞ്ഞതുകൊണ്ടല്ല അവൻ ആ കർമം ചെയ്യുന്നത്. പ്രത്യുത അവർ ആ കർമം ചെയ്യുന്നതുകൊണ്ട് അല്ലാഹു അതു നേരത്തേ അറിയുകയാണ്. കർമം സൃഷ്ടി സ്വതന്ത്രമായി സ്വയം തെരഞ്ഞെടുത്തു ചെയ്യുന്നതാണ്. അത്തരം കർമങ്ങളുടെ പൂർണമായ ഉത്തരവാദിത്തം സൃഷ്ടിക്കുതന്നെയാണ്. ഈ ഉത്തരവാദിത്തത്തിന്റെ പേരിലാണ് അവൻ വിചാരണ ചെയ്യപ്പെടുന്നതും രക്ഷാശിക്ഷകൾ വിധിക്കപ്പെടുന്നതും. കർമം ചെയ്യാനുള്ള കഴിവും യോഗ്യതയും സാഹചര്യവുമൊന്നും ആരെയും കർമഫലത്തിനർഹരാക്കുന്നില്ല. കർമം ബോധപൂർവം യാഥാർഥ്യമാക്കിയ ശേഷമേ കർമഫലത്തിന്റെ പ്രശ്നം ഉദിക്കുന്നുള്ളൂ. പാരത്രിക രക്ഷാശിക്ഷകൾ സുതാര്യമായ ദൈവനീതിയുടെ കൃത്യമായ സാക്ഷാത്കാരമാണ്. അതങ്ങനെ ആയിരിക്കാൻ വിശ്വാസികൾ പ്രതികൂല ശക്തികളുമായി സമരം ചെയ്ത് വിശ്വാസ മാർഗത്തിലൂടെ സഞ്ചരിച്ചുകൊണ്ട് തങ്ങളുടെ വിശ്വാസവാദം സത്യമാണെന്ന് സ്ഥിരപ്പെടുത്തുന്നത് അല്ലാഹു കാണേണ്ടതുണ്ട്. അതുപോലെ പരീക്ഷണങ്ങളിൽനിന്നും പ്രയാസങ്ങളിൽനിന്നും ഒഴിഞ്ഞുമാറിക്കൊണ്ട് വ്യാജന്മാർ തങ്ങളുടെ വിശ്വാസവാദം കള്ളമാണെന്ന് സ്ഥിരപ്പെടുത്തുന്നതും അല്ലാഹു കാണണം. ഇതാണ് فَلَيَعْلَمَنَّ ........ الْكَاذِبِينَ എന്ന വാക്യത്തിന്റെ ആശയം.

---

أَمْ حَسِبَ الَّذِينَ يَعْمَلُونَ السَّيِّئَاتِ أَن يَسْبِقُونَا ۚ سَاءَ مَا يَحْكُمُونَ ﴿٤﴾

4. അതല്ല, ദുഷ്ടതകൾ ചെയ്യുന്ന ജനം നമ്മെ തോൽപിച്ചുകളയാമെന്നു വിചാരിച്ചിരിക്കുന്നുവോ? എങ്കിൽ എത്ര വലിയ അബദ്ധമാണവർ വിധിക്കുന്നത്!

**4**

أَمْ حَسِبَ الَّذِينَ يَعْمَلُونَ السَّيِّئَاتِ = അതല്ല ദുഷ്ടതകൾ ചെയ്യുന്നവർ (ജനം) വിചാരിച്ചിരിക്കുന്നുവോ

أَن يَسْبِقُونَا = അവർ നമ്മെ മുൻകടക്കുമെന്ന് (തോൽപിച്ചുകളയാമെന്ന്)

سَاءَ مَا يَحْكُمُونَ = അവർ വിധിക്കുന്നത് എത്ര ചീത്ത! (എങ്കിൽ എത്ര വലിയ അബദ്ധമാണവർ വിധിക്കുന്നത്)

സത്യവിശ്വാസികൾ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും യാഥാർഥ്യം വ്യക്തമാക്കിയ ശേഷം, അവരെ ചൂഷണം ചെയ്യുകയും മർദിക്കുകയും ചെയ്യുന്ന ധിക്കാരികളെ താക്കീതു ചെയ്യുകയാണിവിടെ. വിശ്വാസികളുടെ മർദകർക്കു മാത്രമല്ല എല്ലാ ദുഷ്ടന്മാർക്കും ഈ താക്കീത് ബാധകമാകുന്നു. എല്ലാവിധ ദുഷ്ചെയ്തികളെയും ഉൾക്കൊള്ളുന്ന പദമാണ് سَيِّئَات . ഈ ലോകത്ത് ദുഷ്ടതകൾ ചെയ്തുകൂട്ടുന്നവർ അതിനൊന്നും ആരോടും സമാധാനം ബോധിപ്പിക്കേണ്ടതില്ലെന്നും അഥവാ ഒരു ദൈവം തങ്ങളെ വിചാരണ ചെയ്യുകയാണെങ്കിൽതന്നെ ആ ദൈവത്തെ തോൽപിച്ച് രക്ഷപ്പെടാൻ കഴിയുമെന്നും വിചാരിക്കുകയാണവർ. سبق (മത്സരം, മുമ്പിൽ കടക്കൽ)-ൽനിന്നുള്ള ക്രിയയാണ് يَسْبِقُونَا . ഓട്ടത്തിലും ചാട്ടത്തിലുമൊക്കെ മത്സരിക്കുന്നതിന് مسابقة എന്നു പറയും. മത്സരത്തിൽ മുന്നേറിയവനും വിജയിച്ചവനും سابق ആണ്. പിന്തള്ളപ്പെട്ടവർ مسبوق. ജമാഅത്ത് നമസ്കാരത്തിൽ ഇമാം ഒന്നോ അതിലധികമോ റക്അത്ത് പിന്നിട്ട ശേഷം തുടരുന്നയാളെയും مسبوق എന്നു പറയും. നമ്മെ തോൽപിച്ചുകളയാം, അല്ലെങ്കിൽ ജയിച്ചുകളയാം എന്നാണ് ഇവിടെ أَن يَسْبِقُونَا -യുടെ താൽപര്യം. ധിക്കാരികൾ അങ്ങനെ വിചാരിക്കുന്നുവെങ്കിൽ ആ വിചാരം തികച്ചും തെറ്റാണ്, കുറ്റകരവുമാണ്. سيّئة (തിന്മ) -ൽനിന്നുള്ള ക്രിയയാണ് سَاءَ. ഇതിന്റെ ക്രിയാ നാമം سوء (തെറ്റാവൽ, തിന്മ ചെയ്യൽ). വളരെ മോശപ്പെട്ടത്, എന്തുമാത്രം തെറ്റായത് എന്നാണ് سَاءَ مَا -യുടെ ആശയം. ഈ സൂക്തത്തിന്റെ അവതരണകാലത്ത് ഖുറൈശി പ്രമുഖരായ വലീദുബ്നു മുഗീറ, അബൂജഹ്ൽ, ആസ്വുബ്നു ഹിശാം, ഉത്ബത്തുബ്നു വലീദ്, ഉഖ്ബതുബ്നു അബീമൈത്വ്, അൻഇലതുബ്നു അബീസുഫ്യാൻ, ആസ്വുബ്നു വാഇൽ തുടങ്ങിയവരാണ് മുസ്‌ലിംകളെ മർദിക്കാൻ നേതൃത്വം നൽകിയിരുന്നത്. അവരെക്കുറിച്ചാണ് ഈ സൂക്തം അവതരിച്ചതെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചിരിക്കുന്നു. അവതരണ പശ്ചാത്തലത്തിൽ الَّذِينَ يَعْمَلُونَ السَّيِّئَاتِ എന്ന വാക്ക് സൂചിപ്പിക്കുന്നത് ഇപ്പറഞ്ഞവരെയാണെങ്കിലും സത്യത്തിനും സത്യവിശ്വാസികൾക്കുമെതിരെ അക്രമമർദനങ്ങളഴിച്ചുവിടുന്ന എക്കാലത്തെയും ദുഷ്ടന്മാരെ ഉൾക്കൊള്ളുന്നതാണ്. മുഹമ്മദും കൂട്ടരും ധർമിഷ്ഠരും സത്യത്തിന്റെ വക്താക്കളും ദൈവാനുഗ്രഹമുള്ളവരുമാണെങ്കിൽ, ആ ദൈവം അവരെ പീഡിപ്പിക്കുന്ന ഞങ്ങളെ പിടിച്ച് ശിക്ഷിക്കുന്നതൊന്നു കാണട്ടെ എന്ന ധിക്കാരപൂർണമായ മാത്സര്യ ഭാവത്തിലായിരുന്നു അവരുടെ പ്രവർത്തനം. അതാണ്, ഇസ്‌ലാം മർദകരുടെ ഈ മനോഭാവമാണ് അവരെക്കുറിച്ച أَن يَسْبِقُونَا എന്ന പ്രയോഗത്തെ ഏറെ സന്ദർഭോചിതമാക്കുന്നത്.

مَن كَانَ يَرْجُو لِقَاءَ اللَّهِ فَإِنَّ أَجَلَ اللَّهِ لَآتٍ ۚ وَهُوَ السَّمِيعُ الْعَلِيمُ ﴿٥﴾

5. ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അതിന് അല്ലാഹു നിശ്ചയിച്ച സമയം വന്നെത്തുക തന്നെ ചെയ്യും. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

**5**

مَن كَانَ يَرْجُو = ആരെങ്കിലും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ لِقَاءَ اللَّهِ = അല്ലാഹുവുമായി കണ്ടുമുട്ടണമെന്ന്

فَإِنَّ أَجَلَ اللَّهِ = (അതിന്) അല്ലാഹുവിന്റെ അവധി (അല്ലാഹു നിശ്ചയിച്ച സമയം)

لَآتٍ = തീർച്ചയായും വരുന്നതാകുന്നു(വന്നെത്തുക തന്നെ ചെയ്യും)

وَهُوَ السَّمِيعُ الْعَلِيمُ = അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു

ഇത് മർദിതരായ വിശ്വാസികൾക്കുള്ള സാന്ത്വനമാണ്. മർദകർ എന്തൊക്കെ ചെയ്യുന്നുണ്ടെങ്കിലും നിങ്ങൾ പരലോകവും അവിടെ അല്ലാഹുവുമായുള്ള കൂടിക്കാഴ്ചയും പ്രതീക്ഷിക്കുന്നവരായിരിക്കണം. നിങ്ങളിൽ ആ പ്രതീക്ഷയുണ്ടെങ്കിൽ അത് സാക്ഷാത്കൃതമാകാൻ അല്ലാഹു നിശ്ചയിച്ച സമയം അനിവാര്യമായും വന്നെത്തുമെന്നതിൽ ഒരു സംശയവും വേണ്ട. ഒരുനാൾ നിങ്ങൾ അല്ലാഹുവുമായി കണ്ടുമുട്ടുകതന്നെ ചെയ്യും. ഇന്ന് നിങ്ങൾ അനുഭവിക്കുന്ന യാതനകൾക്കും വേദനകൾക്കുമെല്ലാം അന്ന് മഹത്തായ പുരസ്കാരം ലഭിക്കുകയും ചെയ്യും. നിങ്ങളുടെ ആവലാതികളും വേവലാതികളും അവൻ ശരിക്കും കേൾക്കുന്നുണ്ട്. വേതനകളും യാതനകളും നന്നായി അറിയുന്നുമുണ്ട്. മർദകരുടെ അതിക്രമങ്ങളും അവന്റെ ദൃഷ്ടിയിലുണ്ട്. യാതൊരു കാര്യവും അവന്റെ ജ്ഞാനത്തിനതീതമല്ല. എല്ലാം നിങ്ങളുടെ കർമ പുസ്തകത്തിൽ വൻ ലാഭങ്ങളായും അവരുടേതിൽ മഹാ നഷ്ടങ്ങളായും അവൻ രേഖപ്പെടുത്തുന്നുണ്ട്.

ഈ സൂക്തത്തിന് ഒരു സൂഫി വ്യാഖ്യാനമുള്ളത് ഇങ്ങനെയാണ്: അല്ലാഹുവുമായി സംഗമിക്കാനുള്ള അടിമയുടെ മോഹത്തിന്റെയും പ്രതീക്ഷയുടെയും പ്രേരകം അല്ലാഹുവിനോടുള്ള അവന്റെ പ്രേമമാണ്; സ്വർഗമോഹമോ നരകഭയമോ അല്ല. പ്രേമിക്ക് പ്രേമഭാജനവുമായി സംഗമിക്കുന്നതിലേറെ ആനന്ദവും ആഹ്ലാദവും വേറെയില്ല. ദൈവവുമായുള്ള സംഗമത്തെ വളർത്തി ചിലർ ദൈവത്തിലുള്ള അടിമയുടെ വിലയം - فناء ആയി വിലയിരുത്തുന്നു. പ്രസിദ്ധ സൂഫി വനിതയായ റാബിഅത്തുൽ അദവിയ്യ പറഞ്ഞു: 'അല്ലാഹുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നത് നിന്റെ സ്വർഗം കൊതിച്ചാണെന്ന് നീ അറിയുന്നെങ്കിൽ നീ അതെനിക്ക് വിലക്കേണമേ! ഞാൻ നിന്നെ ആരാധിക്കുന്നത് നിന്റെ നരകം ഭയന്നാണെന്നു നീ അറിയുന്നുവെങ്കിൽ നീ എന്നെ അതിലിട്ട് കത്തിച്ചുകളയേണമേ!' അവരുടെ വീക്ഷണത്തിൽ അല്ലാഹുവിനോടുള്ള പ്രേമാധിക്യത്താൽ അവനുമായി സംഗമിക്കണമെന്ന് അദമ്യമായി ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നവർക്ക് ആ പ്രതീക്ഷ സഫലമാകുന്ന ഒരു സമയം നിശ്ചയിച്ചിട്ടുണ്ടെന്നും ആ സമയം തീർച്ചയായും വന്നെത്തുമെന്നുമാണ് ഈ സൂക്തത്തിന്റെ താൽപര്യം.

---

وَمَن جَاهَدَ فَإِنَّمَا يُجَاهِدُ لِنَفْسِهِ ۚ إِنَّ اللَّهَ لَغَنِيٌّ عَنِ الْعَالَمِينَ ﴿٦﴾

6. ആരെങ്കിലും ജിഹാദ് ചെയ്തുവെങ്കിൽ അവൻ ജിഹാദ് ചെയ്യുന്നത് തനിക്കു വേണ്ടിത്തന്നെയാകുന്നു. അല്ലാഹുവാകട്ടെ ലോകരുടെ ആശ്രയത്തിനതീതനാംവണ്ണം തന്നിൽത്തന്നെ എല്ലാം തികഞ്ഞവനാകുന്നു.

**6**

وَمَن جَاهَدَ = ആരെങ്കിലും ജിഹാദ് ചെയ്തെങ്കിൽ

فَإِنَّمَا يُجَاهِدُ لِنَفْسِهِ = അവൻ ജിഹാദ് ചെയ്യുന്നത് തനിക്കുവേണ്ടി തന്നെയാകുന്നു

إِنَّ اللَّهَ لَغَنِيٌّ عَنِ الْعَالَمِينَ = തീർച്ചയായും അല്ലാഹു ലോകരോട് അനാശ്രയിയാകുന്നു (ലോകരുടെ ആശ്രയത്തിനതീതനാംവണ്ണം തന്നിൽ തന്നെ എല്ലാം തികഞ്ഞവനാകുന്നു)

ലക്ഷ്യം നേടാൻ പ്രതിലോമശക്തികളോട് മല്ലിട്ടുകൊണ്ട് പ്രയത്നിക്കുകയാണ് പൊതുവായ അർഥത്തിൽ ജിഹാദ്. ഇതിന് പല തലങ്ങളുണ്ട്. അതിലൊന്നാണ് ഇജ്തിഹാദ്. ദീനീ പ്രമാണങ്ങളിൽനിന്ന് നിയമങ്ങൾ നിർധാരണം ചെയ്യാൻ നടത്തുന്ന ക്ലിഷ്ടമായ ഗവേഷണ പ്രവർത്തനയത്നത്തിനാണ് ശരീഅത്തിന്റെ സാങ്കേതിക ഭാഷയിൽ ഇജ്തിഹാദ് എന്നു പറയുന്നത്. ഒരു ലക്ഷ്യം നേടാൻ നടത്തുന്ന ഏതു പഠന മനനത്തിനും ഭാഷാപരമായി ഇജ്തിഹാദ് എന്നു പറയാവുന്നതാണ്. ദുശ്ശീലങ്ങൾ വർജിക്കാനും സൽഗുണങ്ങൾ സ്വായത്തമാക്കാനും നടത്തുന്ന ആത്മസംസ്കരണപരമായ പ്രയത്നങ്ങളും പരിശീലനങ്ങളും മുജാഹദയാണ്. ശത്രുക്കളുടെ പ്രകോപനങ്ങൾക്കും പ്രലോഭനങ്ങൾക്കും വഴങ്ങാതെ ആത്മനിയന്ത്രണം പാലിക്കലും മുജാഹദയിൽ പെടുന്നു. ഇജ്തിഹാദിന്റെയും മുജാഹദയുടെയും ആശയങ്ങൾ കൂടി

ഉൾക്കൊള്ളുന്ന പദമാണ് جهد. ജിഹാദിനും ഇജ്തിഹാദിനും മുജാഹദക്കുമെല്ലാം നിഷേധാത്മക വശവും ഉണ്ട്. സത്യവിരുദ്ധവും അധാർമികവുമായ സിദ്ധാന്തങ്ങൾക്കു വേണ്ടി ദുഷ്ടരും സ്വാർഥമതികളുമായ നേതാക്കളോടുള്ള ആരാധന മൂത്ത് അവരുടെ ഇംഗിതങ്ങൾ നടപ്പാക്കാൻ നടത്തുന്ന ജിഹാദ് എത്ര നിസ്വാർഥവും ത്യാഗനിർഭരവുമായിരുന്നാലും നീചവും നികൃഷ്ടവുമാകുന്നു. കേരളത്തിൽ നടമാടുന്ന രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും ഇതിനുദാഹരണമാകുന്നു. അസത്യജഡിലവും ആപത്കരവുമായ ആശയങ്ങളെ മഹാതത്ത്വങ്ങളും മൂല്യങ്ങളുമായി സ്ഥാപിക്കാനും പ്രചരിപ്പിക്കാനും നടത്തുന്ന കൃത്രിമമായ പഠന മനനങ്ങളും ഗവേഷണാഭാസങ്ങളും നികൃഷ്ടമായ ഇജ്തിഹാദുകളാണ്. തെറ്റായ ശീലങ്ങളും ചര്യകളും സ്വായത്തമാക്കുന്നതിനു വേണ്ടിയുള്ള പഠന പരിശീലനങ്ങൾ അനാശാസ്യമായ മുജാഹദയിൽ പെടുന്നു.

ഈ സൂറഃ പരാമർശിക്കുന്ന ജിഹാദിന്റെ താൽപര്യമെന്തെന്ന് സൂറയുടെ മുഖവുരയിൽ സൂചിപ്പിച്ചിരിക്കുന്നു. അതായത്, ആക്ഷേപശകാരങ്ങളും മർദന പീഡനങ്ങളും ക്ഷമയോടെ നേരിട്ടുകൊണ്ട് ഇസ്‌ലാമികാദർശത്തിൽ അടിയുറച്ചു നിൽക്കുക, പ്രലോഭനങ്ങളും പ്രകോപനങ്ങളും വകവെക്കാതെ കഷ്ടനഷ്ടങ്ങളെല്ലാം അവഗണിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ദൃഢമായ കാൽവെപ്പുകളോടെ മുന്നോട്ടുപോവുക. നിങ്ങൾ വേദനകളും യാതനകളും സഹിക്കുന്നത് നിങ്ങളുടെ ഭാവി ഭാസുരമാക്കുന്നതിനു വേണ്ടിയാണ്. നിങ്ങളുടെ പാരത്രിക ജീവിതം സൗഭാഗ്യകരമാകുന്നതിനു വേണ്ടിയാണ്. അല്ലാതെ, നിങ്ങൾ അല്ലാഹുവിനും അവന്റെ ദീനിനും ചെയ്തുകൊടുക്കുന്ന ഔദാര്യമല്ല. നിങ്ങളാരും ജിഹാദ് ചെയ്തില്ലെങ്കിൽ അതുമൂലം അല്ലാഹുവിന് ഒരു കോട്ടവും വരാനില്ല. നിങ്ങളുടെ സേവനത്തിനും സഹായത്തിനുമെല്ലാം അതീതനും തന്നിൽതന്നെ എല്ലാം തികഞ്ഞവനുമാണവൻ. അവൻ നിങ്ങളെയല്ല, നിങ്ങൾ അവനെയാണ് ആശ്രയിക്കുന്നത്. അതിനാൽ ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ വല്ലതും സമർപ്പിക്കുന്നുവെങ്കിൽ അത് ആ സമർപ്പിക്കുന്നവന്റെ തന്നെ പ്രയോജനത്തിനുള്ളതാണ്. അല്ലാഹു അതിൽനിന്ന് ഒരു പ്രയോജനവും നേടുന്നില്ല. കർഷകൻ തന്റെ കൃഷിയിൽ അധ്വാനിക്കുന്നത് എപ്രകാരം സ്വന്തം ഗുണത്തിനു വേണ്ടിയാണോ അപ്രകാരം സ്വന്തം ഗുണത്തിനു വേണ്ടിതന്നെയാണ് അവൻ ദൈവിക ദീനിന്റെ മാർഗത്തിൽ അധ്വാനിക്കുന്നതും.

---

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ لَنُكَفِّرَنَّ عَنْهُمْ سَيِّئَاتِهِمْ وَلَنَجْزِيَنَّهُمْ أَحْسَنَ الَّذِي كَانُوا يَعْمَلُونَ ﴿٧﴾

7. സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക് നാം അവരുടെ ദോഷങ്ങൾ പരിഹരിച്ചുകൊടുക്കുന്നു. അവർ ചെയ്ത ശ്രേഷ്ഠ കർമങ്ങൾക്ക് പ്രതിഫലമരുളുകയും ചെയ്യുന്നു.

**7**

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർ

لَنُكَفِّرَنَّ عَنْهُمْ = അവർക്കു നാം മായ്ച്ചുകൊടുക്കും, പരിഹരിച്ചുകൊടുക്കും

سَيِّئَاتِهِمْ = അവരുടെ ദോഷങ്ങൾ

وَلَنَجْزِيَنَّهُمْ = അവർക്കു നാം പ്രതിഫലമരുളുകയും ചെയ്യും

أَحْسَنَ الَّذِي كَانُوا يَعْمَلُونَ = അവർ ചെയ്തുകൊണ്ടിരുന്ന (ശ്രേഷ്ഠ കർമങ്ങൾക്ക്) നല്ലതിന്

വിശുദ്ധ ഖുർആൻ ഈമാനിനോട് ചേർത്തു പറയാറുള്ള കാര്യമാണ് സൽക്കർമങ്ങൾ- عَمَلُ الصَّالِحَاتِ. ഈമാനിന്റെ പൂരകമാണ് കർമം. ഈമാൻ ആവശ്യപ്പെടുന്ന കർമമാണ് സൽക്കർമം- عَمَلُ الصَّالِحَاتِ. ഈമാനിന്റെ താൽപര്യത്തിന് വിരുദ്ധമായ കർമങ്ങൾ ദുഷിച്ച കർമങ്ങൾ - عَمَلُ السَّيِّئَات ആകുന്നു. സൽക്കർമം ഒരുവന്റെ ഈമാൻവാദം സത്യമാണെന്നതിന്റെ സാക്ഷ്യവുമാകുന്നു. عَمِلَ (പ്രവർത്തിച്ചു)-ൽനിന്നുള്ള ബഹുവചന ക്രിയയാണ് عَمِلُوا. നന്നായി, യോജിച്ചു, സംസ്കൃതമായി എന്നൊക്കെ അർഥമുള്ള صَلَحَ -യുടെ കർതൃപദമായ صَالِح-ന്റെ ബഹുവചനമാണ് صَالحات. ഈമാനിനോട് ചേർത്തു പറയുന്ന 'സൽക്കർമങ്ങൾ' കൊണ്ടുദ്ദേശ്യം നമസ്കാരാദി ആരാധനാ കർമങ്ങളും മറ്റു അനുഷ്ഠാനങ്ങളുമാണെന്നാണ് പൊതു ധാരണ. എന്നാൽ الّذين آمنو واقاموا الصلاة എന്നോ وآتوا الزكاة എന്നോ (വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്തവർ, വിശ്വസിക്കുകയും സകാത്ത് നൽകുകയും ചെയ്തവർ) ഖുർആൻ പറയാറില്ല. അവയൊക്കെ ഇസ്‌ലാമിലെ അതിശ്രേഷ്ഠമായ കർമങ്ങളാണെങ്കിലും عَمَلُ الصَّالِحَاتِ അവയിൽ പരിമിതമാകുന്നില്ല എന്നതുകൊണ്ടാണത്. ഒരു കാര്യം അതിന്റെ ശരിയായ രീതിയിലാവുകയാണ് صلاح. അങ്ങനെ ആകുക -സംസ്കരിക്കുക- ആണ് اصلاح. ഇതിന്റെ വിപരീതമാണ് افساد (നശിപ്പിക്കൽ, താറുമാറാക്കൽ). അല്ലാഹു ഭൂമിയെ അതിലെ ജീവജാലങ്ങളുടെ സുഗമമായ വാഴ്‌വിന് വേണ്ടതെല്ലാം ഉചിതമായ രീതിയിൽ സജ്ജീകരിച്ചിരിക്കുന്നു. ഈ സജ്ജീകരണം വികൃതമാക്കാതെ നിലനിർത്തുകയും കഴിയുമെങ്കിൽ വികസിപ്പിക്കുകയുമാണ് ഭൂമിയുടെ സംസ്കരണം. ഇതേക്കുറിച്ച് 7:85-ൽ وَلَا تُفْسِدُوا فِي الْأَرْضِ بَعْدَ إِصْلَاحِهَا (ഭൂമിയിൽ അതിന്റെ സംസ്കരണത്തിനു ശേഷം നാശമുണ്ടാക്കാതിരിക്കുവിൻ) എന്നു പ്രസ്താവിച്ചിരിക്കുന്നു. സത്യവിശ്വാസവും അതു താൽപര്യപ്പെടുന്ന കർമങ്ങളും ഭൂമിയുടെ

സംസ്കരണത്തിനും വികസനത്തിനുമുള്ള ശരിയായ ഉപാധിയാണ്. സത്യവിശ്വാസം അവകാശപ്പെട്ടുകൊണ്ട് അല്ലാഹുവിനെയും അവന്റെ ദൂതനെയും വിശ്വാസികളെയും വഞ്ചിക്കാൻ ശ്രമിക്കുന്നവരെക്കുറിച്ച് *അൽബഖറ* 11,12 സൂക്തങ്ങൾ പറയുന്നു:

وَإِذَا قِيلَ لَهُمْ لَا تُفْسِدُوا فِي الْأَرْضِ قَالُوا إِنَّمَا نَحْنُ مُصْلِحُونَ ﴿١١﴾ أَلَا إِنَّهُمْ هُمُ الْمُفْسِدُونَ وَلَٰكِن لَّا يَشْعُرُونَ ﴿١٢﴾

(ഭൂമിയിൽ നാശമുണ്ടാക്കാതിരിക്കുവിൻ എന്നുപദേശിച്ചാൽ അവർ പറയുകയായി: ഞങ്ങൾ സംസ്കരണ പ്രവർത്തകർ മാത്രമാകുന്നു. എന്നാൽ അറിഞ്ഞുകൊള്ളുക, അവർ നാശകാരികൾ തന്നെയാകുന്നു. പക്ഷേ, അവരതറിയുന്നില്ല). ഭൂമിയുടെ സുസ്ഥിതിക്കും മനുഷ്യന്റെ സ്വൈരജീവിതത്തിനും പ്രയോജനപ്പെടുന്ന എല്ലാ കർമങ്ങളും സൽക്കർമങ്ങളാകുന്നു. അതുകൊണ്ടാണ് പൊതുവഴിയിൽനിന്ന് ശല്യങ്ങളൊഴിവാക്കൽ ഈമാനിന്റെ ഭാഗമായത്. ജല മലിനീകരണം വിരോധിച്ചതും അതുകൊണ്ടുതന്നെ. പൊതുവഴികളിലും ജലസ്രോതസ്സുകളിലും മാലിന്യം തള്ളലും നീർച്ചാലുകളുടെ ഒഴുക്ക് തടഞ്ഞുകൊണ്ട് പ്രകൃതിയുടെ ജലവിതരണ സംവിധാനം തകരാറിലാക്കുന്നതും അമലുസ്സാലിഹാത്തിന്റെ വിപരീതമായ അമലുസ്സയ്യിആത്തുമാകുന്നു.

പ്രതിയോഗികളുടെ വിമർശനങ്ങളും ദ്രോഹങ്ങളും സഹനശക്തി കൊണ്ട് നേരിട്ട് സത്യവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുകയും സമൂഹത്തിനും പരിസ്ഥിതിക്കും ഗുണകരമായ കർമങ്ങളും ഒപ്പം ശരീഅത്ത് താൽപര്യപ്പെടുന്ന അനുഷ്ഠാനങ്ങളും മറ്റു കർത്തവ്യങ്ങളും യഥാവിധി നിർവഹിക്കുകയും ചെയ്യുന്നവരിൽ സംഭവിക്കുന്ന ചെറിയ തെറ്റുകുറ്റങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കും. അവർ ചെയ്തുകൊണ്ടിരുന്ന നല്ല കാര്യങ്ങൾക്കെല്ലാം വിശിഷ്ടമായ കർമഫലം നൽകുകയും ചെയ്യും. ഇവിടെ سَيِّئَاتകൊണ്ട് ഉദ്ദേശ്യം മഹാ പാപങ്ങളല്ല; ചെറിയ ചെറിയ തെറ്റുകുറ്റങ്ങളാണെന്ന് സന്ദർഭത്തിൽനിന്ന് മനസ്സിലാക്കാം. കാരണം സത്യസന്ധമായ ഈമാനിന്റെയും സൽക്കർമങ്ങളുടെയും ഉടമകൾ ബോധപൂർവം മഹാ പാതകങ്ങളിൽ ഏർപ്പെടുകയില്ല. പിഴവുകളും വീഴ്ചകളും എല്ലാവരിലും ഉണ്ടാകാവുന്നതാണ്. ജാഹിലിയ്യാ ജീവിതത്തിൽ വല്ല മഹാ പാപങ്ങളും ചെയ്തുപോയിട്ടുണ്ടെങ്കിൽ സത്യസന്ധമായ ഈമാൻ ഉൾക്കൊള്ളുന്നതോടെ അതെല്ലാം മായ്ക്കപ്പെടും. കുഫ്റിൽനിന്ന് ഈമാനിലേക്കുള്ള കടന്നുവരവ് ജാഹിലിയ്യാ ജീവിതത്തിൽ ചെയ്തുപോയിട്ടുള്ള സകല തിന്മകളിൽനിന്നുമുള്ള സ്വീകാര്യവും ആത്മാർഥവുമായ പശ്ചാത്തപവും കൂടിയാണ്. ആത്മാർഥമായി പശ്ചാത്താപിക്കുന്നവർ പാപം ചെയ്യാത്തവരെപ്പോലെ ആയിത്തീരുന്നു. ഈമാനിനും സൽക്കർമത്തിനും ഇത്ര മഹത്തായ നേട്ടങ്ങളുണ്ടാകുമെങ്കിൽ, അതിന്റെ പേരിൽ സഹിക്കേണ്ടിവരുന്ന ത്യാഗത്തിലും പീഡനത്തിലും എന്തിനു നിങ്ങൾ ദുഃഖിതരും വ്യഥിതരുമാകണം എന്നൊരു ചോദ്യവും കൂടി ഈ വചനത്തിൽ വായിക്കാം. ■